# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3279:** **18/02/2013- ൽ മറുപടി നൽകേണ്ടിയിരുന്നത്**

## തൊഴിൽദാന പദ്ധതി പ്രകാരമുള്ള വായ്പ

**ചോദ്യം** **ഉത്തരം**

**ശ്രീ. ഇ. കെ. വിജയൻ :** **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതിയിൽ (പി.എം.ഇ.ജി.പി) തൊഴിൽ സംരംഭകർക്ക് ലഭ്യമാക്കേണ്ട വായ്പകൾ ബാങ്കുകളുടെ നിസ്സഹകരണം മൂലം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | എങ്കിൽ വായ്പകൾ യഥാസമയം ലഭിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | പ്രധാനമന്ത്രിയുടെ തൊഴിൽ ദാന പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ 1240 പദ്ധതികൾക്കായി 32 കോടി 65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനകം 7 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. 43 കോടി രൂപ മാർജിൻ മണി വരുന്ന 2030 അപേക്ഷകൾ ബാങ്കുകളിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ ബാങ്കുകളുടെ പരിഗണനയിൽ ആണ്.<br><br>വായ്പകൾ യഥാസമയം ലഭ്യമാക്കുന്നതിന വേണ്ടി വ്യവസായ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല അവലോകന സമിതി നടപ്പ് സാമ്പത്തിക വർഷം 2 യോഗങ്ങൾ കൂടുകയുണ്ടായി. കൂടാതെ സംസ്ഥാനതല ബാങ്ക് സമിതിയും റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യയും സംയുക്തമായി മേഖലാ അടിസ്ഥാനത്തിൽ മൂന്ന മീറ്റിംഗുകൾ വായ്പ അനുവദിക്കുന്ന ബാങ്കുകൾക്കും പദ്ധതി നിർവ്വഹണ ഏജൻസികൾക്കുമായി ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. അത് വഴി പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുകയുണ്ടായി. തീർപ്പാകാത്ത മാർജിൻ മണി<br><br>അപേക്ഷകൾ അധികമായിട്ടുള്ള ബാങ്കുകൾക്ക് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന മാർജിൻ മണി അപേക്ഷകൾ തീർപ്പാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണം എന്ന കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ